

## *വികാരിയിൽ നിന്ന്*



ദൈവനാമം മഹത്വപ്പെടട്ടെ
കർത്താവിൽ പ്രീയരെ

'വെയിലത്ത് നിൽക്കുന്നവരും കുടയെടുക്കുവാൻ മറന്നവരും" എന്ന ലേഖനം വായിച്ചപ്പോൾ മനസ്സ് വല്ലാതെ വേദനിച്ചു. ഒരു അമ്മയും മകനും തമ്മിലുള്ള ബന്ധത്തിലെ അപചയങ്ങളിലേക്ക് വെളിച്ചം വീശുന്ന ഒരു സംഭവകഥ." ഉച്ച വെയിലിൽ തളർന്ന് , തണലിലേക്ക് കയറിവന്ന ഒരാളെ പോലെയായിരുന്നു ആ സ്ത്രീ. സ്വന്ത മകനുമായി പിണങ്ങി ഇറങ്ങി ഞാൻ ജോലി ചെയ്യുന്ന സ്ഥാപനത്തിലേക്ക് അവൾ കയറി വന്നു. മറ്റൊരുതരത്തിൽ പറഞ്ഞാൽ മകൻ വീട്ടിൽ നിന്നിറക്കിവിട്ടതാണ്. നന്നേ ചെറുപ്പത്തിൽ ഭർത്താവ് മരിച്ചു. പിന്നെയുള്ള ജീവിതം മുഴുവൻ മകന് വേണ്ടിയായിരുന്നു. മകന്റെ വിദ്യാഭ്യാസം, ഭാവി ജീവിതം. അങ്ങനെ ലോകവും, കാലവും മകൻ മാത്രമായി. പല വർഷങ്ങൾ പിന്നിട്ടു, ഇപ്പോൾ മകൻ വിവാഹിതൻ. ഒരാൺ കുട്ടിയുടെ അച്ഛൻ. ഭാര്യക്കും മകനുമിടയിൽ അമ്മ, അയാൾക്ക് ഇപ്പോൾ ഭാരമുള്ള ഒരു ബന്ധം. മരുമകളുടെ വാക്കുകൾക്ക് ഏഴു നദികളിൽ മുങ്ങിതോർത്തിയാലും തീരാത്ത അഴുക്കിന്റെ ചുവ. ആദ്യനാളുകളിൽ അമ്മ പലതും സഹിച്ചു. പിന്നെ സഹിക്കാനും ക്ഷമിക്കാനും കാണിച്ച മനസ്സ് അമ്മയിൽ നിന്ന അകന്നു പോയി. അമ്മയും തിരിച്ചടിച്ചു തുടങ്ങി. അമ്മയും ഭാര്യയും തമ്മിലുള്ള വഴക്കുകൾക്കിടയിൽ ഭാര്യക്ക് പിന്തുണ പ്രഖ്യാപിച്ചു കൊണ്ട് മകൻ പറഞ്ഞ ഒരു വാക്ക് ആ അമ്മയുടെ ഇടനെഞ്ച് തകർത്തു കളഞ്ഞു. ആ വാക്കുകൾ ആ അമ്മ വിവരിച്ചപ്പോൾ കണ്ണീരിന്റെ തോരാത്ത മഴയാണ് പെയ്തത്. സ്വന്തം അമ്മയോട് ഒരിക്കലും മകൻ പറയാൻ പാടില്ലാത്ത ചിലതുണ്ട്.

കുടുംബദിനം ആഘോഷിച്ച് സ്വയം സംതൃപ്തിയിൽ ഇരിക്കുന്ന നാമോരോരുത്തരും നമ്മുടെ കുടുംബങ്ങളെ ഒരു സ്വയ വിശകലനത്തിന് വിധേയമാക്കുന്നത് നല്ലതായിരിക്കും എന്ന് തോന്നുന്നു. ഒരോ മാതാ പിതാക്കളും ഓരോ കുടകളാണ്. പെരുമഴയത്തും പൊരി വെയിലത്തും അവർ നമ്മെ സ്നേഹത്തിന്റെ സംരക്ഷണത്തിന്റെ കുട ചൂടിച്ചു. ഓരോരോ വഴിത്തിരുവുകളിൽ അവർ നമുക്ക് പിന്നാലെ കുടയുമായി പിന്നാലെയെത്തി. എന്നിട്ടും ജീവിത യാത്രകളിൽ ജീവിക്കാൻ മറന്നു പോയവരെ ചേർത്ത് പിടിക്കുവാൻ നമുക്ക് കടമയുണ്ട് എന്നുള്ളത് മറക്കാതിരിക്കുക.

ദൈവകൃപയാൽ നമ്മുടെ ഇടവക കൺവെൻഷൻ ഏറ്റവും ഭംഗിയായി നടത്തുന്നതിന് ദൈവം സഹായിച്ചു. ബഹുമാനപ്പെട്ട സജി അച്ചനിലൂടെ അനുഗ്രഹിക്കപ്പെട്ട ദൈവവചനം നമുക്ക് ലഭ്യമായി പ്രീയപ്പെട്ട അച്ചനോടും അതിനുവേണ്ട ക്രമീകരനങ്ങൾക്ക് നേതൃത്വം വഹിച്ച കൺവീനർ ശ്രീ മാത്യു തോമസ് ഓ, കൈസ്ഥന

സമിതി അംഗങ്ങൾ അച്ഛന് താമസ സ്വകാര്യം ക്രമീകരിച്ച ശ്രീ ബിജു, ഭക്ഷണ ക്രമീകണങ്ങൾക്ക് സഹകരിച്ച ഇടവകംഗങ്ങൾ എല്ലാവരോടുമുള്ള നന്ദി പ്രകാശിപ്പിക്കുന്നു .

നവംബർ 8 തീയതി നമ്മുടെ ഇടവക ദിനമായി നാം ആഘോഷിക്കുകയാണല്ലോ. ഒരു വർഷം കൂടെ ദൈവം നമ്മെ നടത്തി ശമുവേൽ പ്രവാചകൻ പറഞ്ഞതുപോലെ "ഇത്രത്തോളം യഹോവേ നമ്മെ സഹായിച്ചു" പുതിയ വർഷത്തിലേക്ക് നാം പ്രവേശിക്കുമ്പോൾ ഇടവകയുടെ നന്മനമ്മുടെ ലക്ഷ്യമായിതീരണം വിദ്വെഷങ്ങൾ മറന്ന് സ്നേഹത്തിൽ ദൈവകൃപയിൽ മുമ്പോട്ടു കഴിയാതെ പോകുന്നെങ്കിൽ ഒരു വലിയ തകർച്ച നമ്മുടെ മുൻപിൽ കാണേണ്ടി വരും എന്ന് ഓർമ്മിപ്പിക്കട്ടെ ദൈവത്തെ മറക്കുന്നവരെ ഇതോർത്ത് കൊൾവിൻ ഞാൻ നിങ്ങളെ കീറിക്കളയും എന്ന സങ്കീർത്തനക്കാരന്റെ വാക്കുകൾ നമുക്ക് ഒരു മുന്നറിയിപ്പാണ്.

ഇടവകയുടെ പിക്നിക് നവംബർ 9 തീയതി നടത്തുന്നതിന് തീരുമാനിച്ചിരിക്കുകയാണല്ലോ കൂട്ടയ്മയുടെയും ഒത്തൊരുമയുടെയും കരുതലിന്റെയും സ്നേഹത്തിന്റെയും വലിയ ഒരു പെരുമഴയായി തീരട്ടെ ഈ കൂട്ടയ്മ എന്ന് ആത്മാർത്ഥമായി പ്രാർത്ഥിക്കുന്നു ആശംസിക്കുന്നു.

നവംബർ 1-ാം തീയതി വെള്ളിയാഴ്ച്ച അഖില ലോക സണ്ടേ സ്കൂൾ ദിനമായി സഭയായി നാം ആഘോഷിക്കുന്നു. പൈതങ്ങൾ ദൈവത്തിന്റെ പ്രതീക്ഷ എന്നതാണ് നാം ചിന്തിക്കുന്നത് നമ്മുടെ കുഞ്ഞുങ്ങൾ ദൈവം ആഗ്രഹിക്കുന്ന തലങ്ങളിലേക്ക് മുന്നേറുവാൻ ദൈവം സഹായിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

നവംബർ 8-ാം തീയതി സഭയുടെ പുതുക്കം എന്നതാണ് ചിന്താവിഷയം ഐക്യത്തിനായി വിളിക്കപ്പെട്ടവർ എന്ന ബോധ്യം ശുശ്രൂഷ മേഖല യിൽ നമ്മെ കർമ്മ നിരതരാക്കും

നവംബർ 15-ാം തീയതി സെഖര്യവിനോടുള്ള ദൈവത്തിന്റെ അറിയിപ്പാണ് ഏവൻഗേലിയോനായി നിശ്ചയിക്കപ്പെട്ടിരിക്കുന്ന ഭാഗം ദൈവീകമായ നിയോഗങ്ങൾ വെല്ലുവിളികൾ നിറഞ്ഞതാണ് ആ വെല്ലുവിളികൾ സ്വീകരിക്കുമ്പോൾ തലമുറകളെ ദൈവത്തിനായി ഒരുക്കുന്നതിനു സാധിക്കും.

നവംബർ 22 തീയതി "കന്യക മറിയാമിനോടുള്ള അറിയിപ്പ്" എന്നതാണ് നാം സഭയായി ചിന്തിക്കുന്നത് ജീവിതത്തെ തകർക്കുമെന്ന് തോന്നുന്ന ചില ദർശനങ്ങൾ നിയോഗങ്ങൾ രക്ഷയുടെ അനുഭവമായി തീരുന്നു എന്ന ചരിത്ര യാഥാർത്ഥ്യ മാണ് ഇതിലൂടെ നമുക്ക് ലഭ്യമാകുന്നത്. "ഇമ്മാനുവേൽ" "ദൈവം നമ്മോട് കൂടെ". ജീവിതത്തിലെ 'വേദനകൾ'മറ്റുള്ളവരുടെ രക്ഷക്ക് നിദാനമായി ഭവിക്കുന്നു. നവംബർ 29-ാം തീയതി തീയതി എലിസബത്തിന്റെ അടുക്കലേക്കുള്ള കന്യക മറിയമിന്റെ യാത്രയാണ് നാം ചിന്തിക്കുന്നത് .നൊമ്പരങ്ങൾ പങ്ക് വെയ്ക്കുമ്പോൾ ദൈവകൃപ അനുഭവിക്കുന്നവരായി നാം തീരുമെന്ന് ഈ ഭാഗം നമ്മെ അനുസ്മരിപ്പിക്കുന്നു . കുടുംബ ബന്ധത്തെക്കുറിച്ചാണല്ലോ നാം ചിന്തിക്കുന്നത് ഈ ലോകത്ത് ഒന്നും വെറുതെയാകുന്നില്ല നീയെന്താണോ കൊടുത്തത് അത് നിനക്ക് തിരിച്ച് കിട്ടും. സ്നേഹമായിരുന്നോ സ്നേഹം കിട്ടും, പരിഗണനയയിരുന്നോ അത് നിനക്ക് മടക്കി കിട്ടും. കൊച്ചു ജീവിതം അനേകർക്ക് പങ്ക് വെയ്ക്കാനുള്ളതാണ് എന്ന ബോധ്യം നമ്മെ കർമ്മനിരതരാക്കും. ദൈവം അതിന് നമ്മെ എല്ലാവരെയും സഹായിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

സ്നേഹത്തോടെ സാമച്ചൻ.